ഉത്തരം

(എ) ഇത്തരം അറിയിപ്പ് ലഭിച്ചതായി കാണുന്നില്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം

68 (1316) ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. സി. ജോസഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഉപഭോഗം എത്രയായിരുന്നു ;

(ബി) അന്ന് അനധികൃത മദ്യത്തിന്റെയും കള്ളിന്റെയും ഉപഭോഗം എത്ര വീതമായിരുന്നു ;

(സി) ആളോഹരി മദ്യ ഉപഭോഗം എത്രയായിരുന്നുവെന്നും അതിന് എന്തു ചെലവ് വരുമായിരുന്നുവെന്നും അറിയിക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്തെ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഉപഭോഗം എത്രയാണ് ;

(ഇ) ഇപ്പോൾ അനധികൃത മദ്യത്തിന്റെയും കള്ളിന്റെയും ഉപഭോഗം എത്ര വീതമാണ് ;

(എഫ്) ഇപ്പോൾ മദ്യത്തിന്റെ ആളോഹരി ഉപഭോഗം എത്രയെന്നും അതിന് ആളോഹരി എന്തു ചെലവ് വരുമെന്നും പറയുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

വ്യാജമദ്യ ദുരന്തത്തോടനുബന്ധിച്ച് സസ്പെൻഡു ചെയ്ത ഉദ്യോഗസ്ഥർ

69 (1318) ശ്രീ. വി. ജെ. പൗലോസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇതുവരെ വ്യാജ മദ്യദുരന്തത്തോടനുബന്ധിച്ച് എത്ര ഗവൺമെന്റ് ഉദ്യോഗസ്ഥരെ ജോലിയിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇവരിൽ എത്രപേരെ തിരിച്ചെടുത്തിട്ടുണ്ട് ;

(സി) ഏതെല്ലാം പദവികളിലുള്ളവരെയാണ് സസ്പെന്റ് ചെയ്യുകയും തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly